Draft #2 of File 32283/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Aug-2020 09:11 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

യു.ജി.സി/ഉന്നതവിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അഫിലിയേറ്റഡ് കോളേജുകളെയും പഠനവകുപ്പുകളെയും അറിയിക്കുന്നതും ആയതിന്റെ ക്രോഡീകരിച്ച രൂപം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3523/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.08.2020

---

*പരാമർശം:*-1. 27.07.2020 തീയതിയിലെ രജിസ്ട്രാറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

യുജിസി / ഉന്നതവിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ നിന്നും വിവിധ വിഷയങ്ങളിൽ കോളേജുകളും, പഠന വകുപ്പുകളും കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ചും, ആയതിന്റെ ക്രോഡീകരിച്ച റിപ്പോർട്ടുകൾ നിശ്ചിത സമയത്തിനുള്ളിൽ നൽകുന്നതിനായും സർവ്വകലാശാലയ്ക്ക് നിർദ്ദേശങ്ങൾ ലഭിക്കാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, യുജിസി/ ഉന്നതവിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ, സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ കോളേജുകളെയും പഠന വകുപ്പുകളെയും പരിപത്രം മുഖേന Ac A I സെക്ഷനിൽ നിന്നും അറിയിക്കാറുണ്ട് .

നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിനു ശേഷമുള്ള റിപ്പോർട്ട് എല്ലാ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും പഠന വകുപ്പുകളിൽ നിന്നും ശേഖരിച്ച്, ക്രോഡീകരിച്ച് യുജിസി / ഉന്നതവിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിലേക്ക് നൽകേണ്ടതാണ്.

അഫിലിയേറ്റഡ് കോളേജുകൾ, വിവിധ പഠനവകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും ഇതനുസരിച്ച് നടത്തേണ്ട വിവരശേഖരണം IQAC-യുടെ മേൽനോട്ടത്തിൽ, DCDC സെക്ഷൻറെ സഹായത്തോടെ നിർവ്വഹിക്കേണ്ടതാണെന്നും, ശേഖരിക്കപ്പെട്ട വിവരങ്ങൾ ക്രോഡീ കരിക്കുന്നതിനായി സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റിന് നിശ്ചിത സമയ ത്തിനുള്ളിൽ കൈമാറേണ്ടതാണെന്നും, വിവര ക്രോഡീകരണം നടത്തിയതിനു ശേഷമുള്ള അന്തിമ റിപ്പോർട്ട് സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റിൽ നിന്നും Ac A I സെക്ഷന് കൈമാറേണ്ടതാണെന്നും, മേൽ പരാമർശം പ്രകാരം രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വിസി/പിവിസി എന്നിവരുടെ പിഎസ് മാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫിസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പിഎ മാർ
3. ഐ.ക്യൂ.എ.സി.
4.കോളേജ് ഡെവലപ്മെന്റ് കൗൺസിൽ
5. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്.
6. ജെ ആർ/ഡി ആർ/എ ആർ (ഭരണം/അക്കാദമിക്)
7. കണ്ടൻറ് മാനേജ്മന്റ് സെക്ഷൻ
8. കരുതൽ ഫയൽ/റിക്കാർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 32283/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Aug-2020 09:11 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം